This write up is intended to analyze short falls in current Safety policy and procedures and to put forward some suggestions which may bring possible betterment.

**Root Cause Analysis:**

Major component of electrical accidents in KSEBL distribution wing is snapped overhead lines remaining live causing fatal electrical shock to public. Reason for such conductor snapping may vary from Natural calamity causing falling of trees on lines, ageing of lines , falling of posts, etc. How we can hold AE and staff of a distribution section office responsible for such accident without addressing the real cause of accident?

**Applicable Safety Regulations for Distribution Transformer stations & Lines :**

CEA Regulation 80(2) for 11/0.4 distribution substations clearly mandates installation of

a) Suitable high rupturing capacity cartridge fuses or moulded case circuit breakers (MCCB) or miniature circuit breakers (MCBs) or air break switch shall be provided on low voltage side of transformers of 100KVA and above. The high voltage side of these transformers shall be protected by drop out expulsion type fuses or circuit breakers.

b) Horn gap fuse with air break switch shall be provided on high voltage side and switch fuse unit or wire fuse on low voltage side shall be provided for transformers below 100 kVA Regulation 99 mandates following

**Earthing of Poles : -**

(1) All metallic supports shall be permanently and effectively earthed. The earthing arrangement shall conform to relevant IS.

(2) Metal cross arms and insulator pins for PCC and PSCC poles shall be bonded together and normally earthed at every pole for 33 kV or 22 kV or 11 kV lines and at every 5th pole for lines below 500 Volts.

(3) The support on each side of a road crossing, railway crossing or river crossing shall earthed.

(4) Normally coil earthing shall be provided except for locations involving railways, telegraph line, power line crossings and special structures where pipe/rod type earthing shall be provided. Whenever

the electric lines pass close to a well or a permanently moist place, an earth should be provided in the well or the marshy place and connected to the electric line pole.

(5) All steel poles on which switches, transformers, fuses etc. are mounted shall be earthed.

(6) All poles above 650 Volts, irrespective of inhabited areas, shall be earthed. <u>For poles below 650 V guarding with continuous earth-wire shall be provided invariably, connected to earth at three equidistant points in one km.</u>

Regulation 101 mandates

**Protective Guard-** Guard wire shall be used where an overhead line crosses or is in proximity to any telecommunication line or any other overhead line and in populated localities. Every guard wire shall be connected to earth wherever its electrical continuity is broken. The minimum factor of safety for stay wires, guard and bearer wires shall not be less than 2.5 based on ultimate strength of the wire.

Now the question is whether our installations are meeting CEA safety regulations? As we all know , answer is NO. No MCCB/MCB for tripping LT lines during occurrence of a fault ,no guarding to avoid line falling to ground and no earthing as regulation mandates. In such case whether it is right to hold individual employees responsible for such accidents? So the issue needs more focus & remedial measures.

Most of the over head lines and transformer stations are constructed without meeting required standards. Probable reasons are:

a) Required protection devices (MCCB/ MCB or expulsion type drop out fuses) are not part of our materials and estimates

b) Guarding is not preferred by management & not included in estimates

c) No standard drawings /checklists being used in installation activities

d) Work is being awarded to petty contractors who are ill educated and having no technical knowledge to understand standards of construction

e) Supervisory staff are ill educated and having no ability to understand or ensure proper quality of work. With current promotion policy, mazdoor becomes oversear (supervisor) after some years of field experience and they have no technical background to read/understand or guide contractors to perform a job in required standards.

f) Earthing is not provided as per regulations for LT & HT/LT poles

g) Non standard line construction violating guidelines for tension points. Stays are being provided without stay plates causing slanting of poles and reduced ground clearances in due course.

h) Line materials being used are not confirming to standards

i) Maintenance works are carried out without vision of standardization. Works are being performed just to make the equipment or line back to functional. This causes frequent maintenance on same equipment/ line. No standard maintenance procedure /checklist being followed.

Unless we address these major shortfalls related to our installations, we cannot effectively address safety issues.

**Suggestions for Betterment**

1) Tripping device in LT side of transformer and/or guarding shall be completed as soon as possible.
2) Introduction of service corridor – in NHs & State Highways, KSEBL shall get dedicated corridor for our installations so that frequent shifting and related safety violations caused by other agencies can be avoided.
3) Standardization of existing network shall be taken up as priority. Reconductoring or replacing LT OH with ABC , ensuring tension points and ground clearance , earthing and installation of branch fuses, neutral shackling etc to be completed at the earliest.
4) New lines shall be constructed strictly as per standards.
5) Standardization of Contractor is very urgently required. Contractors having pre-qualification, availability of skilled & qualified workmen(ITI) and qualified supervisor (Diploma) shall only be permitted to work.
6) Badge system for contractor's employees shall be introduced – each employee of contractor shall be given a badge (photo ID card) approved by ARU head showing approval to work for a period of say 6 months. At the end of six months ,his permit to be renewed based on performance and adherence to safety work procedures. Those without a valid badge shall not be permitted to work in KSEBL installations. This way we can enforce safety from contractors employees & can get better workmanship.
7) PMU originally formed for reducing work load on section offices is not serving its purpose. Estimates are being taken from concerned sections, and after issuing work order, PMU is not even visiting work sites. PMU shall be made responsible for estimation, execution and certification of 11KV works.
8) For important and complex maintenance works involving several feeders, a detailed method statement shall be prepared from section and shall take approval from higher office.Work to be carried out exactly in accordance with approved document. This will avoid accidents caused by overlooking of feeding arrangement etc by field staff.
9) Records of ageing of lines and eqpt (date from which it is in service) shall be made as priority. This can be used for replacing aged eqpts systematically.
10) Data of loading of Transformers and lines shall be made. This can be used for loading the eqpt to optimal levels and there by can avoid construction of unwanted new lines and eqpt which causes financial burden and creates safety problems.
11) Safety Officer – Assigning role of Safety officer to s/div AEEs is not logical. S/Div AEEs are responsible for operation & maintenance of installations in their jurisdiction and even if there is safety violation observed in a work , they will not be able to stop the work as they are responsible for completion of work & charging of lines. Already AEEs in s/div are having various responsibilities like Giving AS/TS/

WO/Agreement,Check measurement of works, Assessing Officers works, Legal Laisoning, PMSU works, Enquiry or presenting officers works in disciplinary actions and so on. A separate wing shall be constituted for safety by inducting exclusive Chief safety officers and Safety officers. Such safety wing shall not be assigned with other jobs and they shall conduct field inspections frequently,shall procure and ensure use of safety gadgets and materials in work and shall make safety work procedures and check lists. The inspections from such exclusive safety wing will be much more effective.

12) Compulsory score for safety for all field staff for increment and promotions –this will help staff to adhere to safe work culture to a greater extent.

13) Promotion to supervisor (overseer & Sub Engr) post shall be confined to those acquired necessary educational qualification.

14) Quality and availability of materials shall be better managed. Local purchase of line materials from circle/division ,subdivisions and sections often leads to purchase of poor quality material without testing. Such poor quality material is causing safety issues as well.

15) Climbing on PSC poles is very unsafe due to fungi deposition during rainy season, slippery gum deposits due to sticking of advertisements on posts and hazards of climbing thru cable tv installations. While climbing & getting down, safety belts can't be used. Moreover any electric shock while working from post gets severe as electric discharge takes path close to heart of the person as he is holding post with hands.The only solution to this important safety problem is use of Aerial Lift. Purchase and use of Aerial lift to be implemented as top priority. Crew to be trained to work on platform of aerial lift standing on insulated mat wearing electrical safety shoe and electrical safety hand gloves.

**Electrical Inspectorate's role :**

Electrical Inspectorate is the designated and authorised Govt body to Inspect and ensure safety of installations to public. Unfortunately there is no enough inspections from their side. Nonstandard lines and transformer stations shall be standardized with full involvement of EI to CEA regulations. With Govt support, Ele Inspectorate shall be given instructions to streamline their inspections. Holding KSEBL staff for every accident is not the solution.

**Management's Responsibility:**

The responsibility of accident due to non standard construction, non availability of tripping devices or guarding and poor quality of materials/work man ship can't be confined to AE/SE or field staff.

Management is equally responsible for that. So considering the responsibility of organization, it is high time that Standardization of installations be taken up as a Top Priority.

Management may consider and adopt above suggestions to Standardize the installations and implement practices which definitely will make a better environment in Distribution wing and will yield much better results in medium to long term.

# വിലയ്ക്കുവാങ്ങുന്ന വിപത്തുകൾ–5

## ആരോഗ്യരംഗത്തെ അനാരോഗ്യം



*Er. ഇ.എം. നസീർ*
*എക്സിക്യൂട്ടീവ് എഞ്ചിനീയർ (Rtd.)*

**ലോ**കമെമ്പാടും അതിഭീതിതമാംവിധം കോവിഡ് രോഗംപടരുന്നു. ഇതിനെതിരെയുള്ള ഔഷധങ്ങൾക്കുവേണ്ടിയുള്ള ഗവേഷണങ്ങളും പരീക്ഷണ നിരീക്ഷണങ്ങളും എങ്ങും എത്തുന്നുമില്ല.

ഇതിനിടെയാണ് കോവിഡ് അണുബാധയെ പ്രതിരോധിക്കാൻ ശേഷിയുള്ള ഹോമിയോ മരുന്നിന്റെ പ്രയോജനം തിരിച്ചറിഞ്ഞതും അതുപയോഗിച്ചു സുരക്ഷിതരാകാൻ സർക്കാരുകൾ ആഹ്വാനം ചെയ്തതും. പക്ഷേ അലോപ്പതിക്കാർ (മോഡേൺ മെഡിസിൻ) ഈ ഔഷധത്തിനെതിരെ വിഷപ്പാമ്പുകളെപ്പോലെ രംഗത്തുവന്നു. ഹോമിയോ ചികിത്സയും ഔഷധങ്ങളും തട്ടിപ്പാണെന്ന് വരുത്തിത്തീർക്കാൻ ശ്രമിച്ച് സ്വയം അപഹാസ്യരായി. ഹോമിയോ മരുന്നിന്റെ പ്രയോജനം വ്യാപകമായി അനുഭവപ്പെട്ടുവരികയാണിപ്പോൾ.

ഏതുകാര്യത്തിനും ഗുണവും ദോഷവും പരിമിതികളും ഉണ്ടാകും. ചികിത്സാ സമ്പ്രദായങ്ങളുടെ കാര്യവും വ്യത്യസ്തമല്ല. അലോപ്പതിക്കാർ തങ്ങളുടെ രീതിമാത്രമേ ശരിയായതായുള്ളുവെന്ന് ശഠിച്ച് മറ്റുള്ളവയെ തള്ളിപ്പറയുന്നത് ഒട്ടും ശരിയല്ല. സർജറി, അവയവങ്ങൾ മാറ്റിവയ്ക്കൽ തുടങ്ങിയ അലോപ്പതി ചികിത്സാ രീതികൾ ഏറെ ഫലപ്രദവും അംഗീകാരങ്ങൾ നേടിയതുമാണ്. ഒപ്പം ഈ സ്വീകാര്യതയുടെ താരമൂല്യത്തിന്റെ മറവിൽ നടക്കുന്ന അതിഭീമമായ ചൂഷണവും തട്ടിപ്പും ജനങ്ങൾക്ക് ബോധ്യമായിട്ടുള്ളതുമാണ്.

ഉദ്ദേശം അൻപതുകൊല്ലങ്ങൾക്കുമുമ്പ് ആയുർവേദ ചികിത്സാസമ്പ്രദായം ഏറെ പ്രചാരത്തിലായിരുന്നു. പാരമ്പര്യമായി പകർന്നുകിട്ടിയ അറിവുകൾ, ചികിത്സകർ രോഗികളിൽ പ്രയോഗിച്ച് രോഗവിമുക്തി നൽകിയിരുന്നു. പിൽക്കാലത്ത് ഹോമിയോ, യുനാനി, സിദ്ധ തുടങ്ങിയ ചികിത്സാ രീതികൾ രംഗത്തെത്തിയതും ജനങ്ങൾക്ക് ആശ്വാസം പകർന്നു.

ചികിത്സയുടെ പേരിലുള്ള ചൂഷണവും തട്ടിപ്പും ഇന്നും ഇന്നലെയും തുടങ്ങിയതല്ല. അത് വിദ്യാഭ്യാസവും വിവരവുമില്ലാത്തവരിൽ നിന്നായിരുന്നു ആരംഭിച്ചത്. മന്ത്രവാദ ചികിത്സയായിരുന്നു തട്ടിപ്പിന്റെ കാര്യത്തിൽ മുൻനിരയിൽ. യുക്തിസഹമായി ചിന്തിക്കാൻ ശേഷിയില്ലാത്തവരാണ് എപ്പോഴും ഇവരുടെ ഇരകൾ. അഭ്യസ്തവിദ്യരായ ചികിത്സകർ ന്യായത്തിന്റെ ഭാഗത്തു മാത്രമേ നിൽക്കാവൂ.

നിലവിലെ ചികിത്സാരീതികളിൽ ഏറ്റവും ഗുരുതരമായ പാർശ്വഫലങ്ങൾ സൃഷ്ടിക്കുന്നതും ശരീരത്തിന്റെ പ്രതിരോധശേഷി ശോഷിപ്പിക്കുന്നതും അലോപ്പതിയിലാണ്. സ്വന്തംകാര്യം വരുമ്പോൾ തങ്ങളുടെ ചികിത്സാരീതിയെ ഒഴിവാക്കി അതീവ രഹസ്യമായി മറ്റു ചികിത്സാരീതി

# We are Lucky to Live in the best of Times

**Er. Thomas Kolanjikombil**
*Maramon*

Anthropologists believe, it is customary for nature to discard species which do not support the whole. About 80% of world plants require a different species to act as their pollinator. A BBC report says honeybees are responsible for 30 billion dollar a year in crops and our chances of survival without them is not more than four years. The pollinator plants also need other species to move their seeds from parent plants to new sprouting ground. This is done by a variety of players from fish to elephants. Sphagnum - a type of moss growing in wet area - is only 3% of plants, but it absorbs 25% of carbon produced on the planet. All most all agricultural pests have natural enemies. Soil health is improved and waste are recycled by many species like beetle. Biodiversity plays a major role in maintaining the balance of environment. It control earth's climate and green house gases. In nature we never see anything isolated, everything is in connection with something else.

The fundamental principles of coexistence are value of oneness, respect, inclusion and compassion. Just as we owe these values to other fellow human, we owe them to other living beings that share the earth with us."Our task must be to free ourselves by widening our circle of compassion to embrace all living creatures and whole of nature and it's beauty", Albert Einstein. It is believed that the first form of life appeared on earth 4.1 billion years ago. Compared to this origin of man is a recent history, 50,000 years old. In between these period everything in this earth has undergone transformation through a natural process of development. The species which are not salutary to

---

കൾ തേടുന്ന അലോപ്പതി ഡോക്ടർമാരുടെ എണ്ണം കൂടുന്നതിന്റെ കാരണം മറ്റൊന്നുമല്ല. അലോപ്പതി ഡോക്ടർമാരും അവരുടെ ചികിത്സയും കൂടുന്നതിനനുസരിച്ച് രോഗികളുടെ എണ്ണവും വർദ്ധിക്കുകയാണ്. അപ്പോഴാണ് ഇരു കാലുകളിലും മന്തുള്ളവർ ഒരു കാലിൽ മാത്രം മന്തുള്ളവരെ പഴിക്കുന്നത്.

ചികിത്സാരംഗം തങ്ങളുടെ കുത്തകയാക്കാനുള്ള ശ്രമം ആരുടെ ഭാഗത്തുനിന്നായാലും അത് ശരിയല്ല. ഭിഷഗ്വരന്മാർ അബ്കാരികളെപ്പോലെ പണത്തിനോട് അത്യാർത്തികാട്ടി തരം താഴരുത്. തൊഴിൽ പരമായ ധാർമ്മികത എപ്പോഴും കാത്തുസൂക്ഷിക്കേണ്ടവരാണ് അവർ. ദുഷ്ട ലക്ഷ്യങ്ങളും വ്യാജ പ്രചരണങ്ങളും ഒഴിവാക്കി ലളിതവും മേന്മയേറിയതുമായ മറ്റുചികിത്സാരീതികളെ പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്. രോഗനിവാരണത്തിനും രോഗവിമുക്തിക്കും തടസ്സം നിന്ന് വിപത്തുകളെ ക്ഷണിച്ചുവരുത്തുന്നത് വിനാശകരമാണ്.

others extincted, says Darwin's theory of natural selection. It took eons for the nature to accomplish stability, sustainability and harmony, before the arrival of human. Ancient man was living in harmony with nature. Sixth century bc Chinese philosopher Lao-tzu, who founded taoisam/daoism, that has shaped chinese life more than 2000 years, advocate, simple honest life and non interference with natural events. Buddhists believe that all form of life are sacred and worthy of compassion. Hindus respect earth as mother. Niraputhari festival in temple and vriksha puja before cutting trees are good examples of oneness with nature. Modern scientists are discovering that animals of all kind exhibit complex consciousness and intellect, perhaps equal or superior to ours. There is evidence that many these attributes of intelligence exist in plants as well. Consciousness of some sort may be universal and necessary means of adapting life in a changing and challenging environment.

The rise of technology may have disconnected us superficially from nature but it has not changed our reliance on natural world. The mother earth is giving everything we need to survive. But over years we are engaged in subjugation and outright genocide upon the other inhabitants of this planet. We impacted environment in many ways, over population, deforestation, pollution, chemicals and burning fossil fuel. This triggered climate change and destruction of soil, aquifers, rivers, oceans and even the very atmosphere upon which we and all other forms of life depend. Induction of invasive species - plants and animals -precipitated economical and environmental harm. They caused the extinction of many indigenous species. Although we are part of nature,the relationship between us and nature is not well understood. We cannot live without the services of nature, but nature can survive without human. If we understand the fundamental relationship with nature, it can help to act in harmony with it. Sustainable development is based on better understanding of human relationship with nature. We tend to consume as if there is unlimited suply of resources. It is our ethical responsibility to keep this planet sustainable for humanity and other living organisms. That is guaranteeing a balance between economic growth, care for environment and social well being, which are called three pillars of sustainability. A war against nature is eventually a war against ourselves.

The draft Environment Impact Assesment (EIA) notification 2020 is completely contrary to the basic principles of environment protection. It may lead to wanton destruction of natural habitat of flora and fauna and shall have catastrophic effect on environment. It is another example of enormous and incessant violence our species direct towards natural world. The problem is OUR DISCONNECTED STATE OF CONSCIOUSNESS. Learn to co-exist, or nature will find extreme way to claim its peace.

## സുഭാഷിതം



# മന്ദഹാസം

*Er. **കെ. ശശിധരൻ,** കണ്ണൂർ (Rtd)*

*"നിഴലും വെളിച്ചവും മാറി മാറി*
*നിഴലിക്കും ജീവിത ദർപ്പണത്തിൽ*
*ഒരു സത്യം മാത്രം നിൽക്കുമെന്നും*
*പരമാർത്ഥ സ്നേഹത്തിൻ മന്ദഹാസം."*

**നി**ഴലും വെളിച്ചവും യാഥാർത്ഥ്യമാണ്. വെളിച്ചമുണ്ടെങ്കിൽ വ്യക്തമായൊ അല്ലാതെയോ നിഴലും കാണും. മനുഷ്യ ജീവിതവും ഇതുപോലെയാണ്. നിഴലും വെളിച്ചവും പോലെ ദുഃഖവും സുഖവും ജീവിതത്തിലുടനീളം അനുഭവപ്പെടും. സുഖം മാത്രം ആഗ്രഹിച്ചാൽ ദുഃഖമായിരിക്കും ഫലം. സുഖദുഃഖങ്ങൾ ആപേക്ഷികമാണെന്നറിയുക. ഓരോരാളുടെ കാഴ്ചപ്പാടിനനുസരിച്ച് സുഖദുഃഖങ്ങൾ അനുഭവപ്പെടും. തെരുവുവിളക്കും നിലാവും രാത്രി സഞ്ചാരിക്ക് സന്തോഷം പകരുമ്പോൾ മോഷ്ടാവതിനെ വെറുക്കുന്നു. ഇരയുടെ പിന്നാലെ ഓടിയ മൃഗത്തിന് അതിനെ കിട്ടാതെ വരുമ്പോൾ ദുഃഖം. മൃഗത്തിന്റെ പിടിയിൽ പെടാതെ രക്ഷപ്പെട്ട ഇരയ്ക്ക് ആശ്വാസം. മഴ കുട നിർമ്മാതാവിനെ സന്തോഷിപ്പിക്കുമ്പോൾ പപ്പടക്കാരനെ സങ്കടത്തിലാഴ്ത്തുന്നു. രുചിച്ച കയ്പ്പിന്റെ കാഠിന്യമാണ് മധുരത്തിന്റെ മാറ്റ് കൂട്ടുന്നത് . അതുപോലെ കഷ്ടതയുടെ തീവ്രത അനുഭവിക്കാൻ പോകുന്ന സൗഖ്യത്തിന്റെ മാറ്റ് കൂട്ടും. കോടിശ്വരന് ലക്ഷം ലോട്ടറിയടിച്ചാൽ സന്തോഷിക്കുമോയെന്നറിയില്ല. എന്നാൽ ദരിദ്രന് പതിനായിരം കിട്ടിയാൽ അവന്റെ സന്തോഷം പറഞ്ഞറിയിക്കാൻ സാധ്യമല്ല.

അങ്ങിനെ സുഖദുഃഖങ്ങൾ ആപേക്ഷികമാണ്. ജീവിതത്തിൽ അത് വന്നും പോയും കൊണ്ടേയിരിക്കും. ശാശ്വത ദുഃഖമോ ശാശ്വത സുഖമോ അനുഭവിച്ചതായിട്ടറിയില്ല.

*കവി ചങ്ങമ്പുഴ പാടിയത് ഇങ്ങനെയാണ്.*

ദുഃഖമാർഗ്ഗത്തിൽ കൂടിത്തന്നെ പോയാലെ
ചെല്ലൂ

ദുഃഖമൊരൽപം പോലും തീണ്ടാത്ത
സാമ്രാജ്യത്തിൽ.

സത്യങ്ങൾ രണ്ടാണ്. താൽക്കാലിക സത്യവും ശാശ്വത സത്യവും. അമ്മയ്ക്ക് കുഞ്ഞിനോടുള്ള സ്നേഹം ശാശ്വത സത്യമാണ്. അതിന് മാറ്റമില്ല. അതെ അമ്മയുടെ ചുണ്ടിൽ വിരിയുന്ന സ്നേഹ മന്ദഹാസമാണ് യഥാർത്ഥ സത്യം.

മാറി മാറി അനുഭവിക്കുന്ന സുഖദുഃഖങ്ങളിൽ ശാശ്വതമായിട്ടൊന്നേയുള്ളു, സ്നേഹം; മാതൃ സ്നേഹം. ഒരമ്മയ്ക്ക് സ്വന്തം കുഞ്ഞിനോടുള്ള സ്നേഹം. അവൻ അല്ലെങ്കിൽ അവൾ എത്ര വലിയവരെങ്കിലും അമ്മയുടെ സ്നേഹം അളക്കുവാനാവില്ല.

പ്രേമത്തിലായ ചെറുപ്പക്കാരനും ചെറുപ്പക്കാരിയും പ്രേമത്തിന്റെ മൂർധന്യത്തിൽ അവൻ അവളോട് പറഞ്ഞു. പ്രിയെ നിനക്ക് വേണ്ടി ഞാൻ എന്തും ചെയ്യും. ലോകത്തുള്ള എന്താവശ്യപ്പെട്ടാലും നിന്റെ കാൽക്കൽ ഞാനെത്തിക്കും. പ്രേമ ചാചല്യമെന്ന് അവൾ

(റിട്ട. എക്സിക്യൂട്ടീവ് എഞ്ചിനീയർ)





# ഒരു പരിപൂർണ്ണ നിമിഷം

Er. യു.എസ്. രവീന്ദ്രൻ
(റിട്ട. എക്സിക്യൂട്ടീവ് എഞ്ചിനീയർ)

**നീ**ണ്ട ജീവിതയാത്രയിലെ തുടക്കത്തിനും അവസാനത്തിനും ഇടയിൽ ഒരു ജീവാത്മാവിന് ഒരു പരിപൂർണ്ണ നിമിഷമെങ്കിലും ഉണ്ടായിട്ടുണ്ടാകും. ചിലപ്പോൾ ഒന്നിലധികവും എന്നാൽ അത് തിരിച്ചറിയാത്ത വിധം നമ്മൾ പലപ്പോഴും തിരക്കുള്ളവരായിരിക്കും. ചിലപ്പോൾ തീരെ കുഞ്ഞായിരിക്കും, ചിലപ്പോൾ പ്രായം കൂടിയിരിക്കും. ചിലപ്പോൾ ആ പ്രശ്നങ്ങൾ, ചിലപ്പോൾ ഈ പ്രശ്നങ്ങൾ എന്നിവക്കിടയിൽ ആ പരിപൂർണ്ണ നിമിഷങ്ങൾ നഷ്ടപ്പെട്ടുപോയെന്നിരിക്കും.

എന്റെ കുറച്ചു പരിപൂർണ്ണ നിമിഷങ്ങൾ കിട്ടിയത് എനിക്ക് ഏഴുവയസ്സുള്ളപ്പോൾ ആയിരുന്നു. ഗ്രാമത്തിലുള്ള തറവാട്ടിലെ മുകളിലത്തെ നിലയിലുള്ള മുറിയിൽ അച്ഛന്റെയും അമ്മയുടെയും കൂടെ ഉറങ്ങിക്കൊണ്ടിരുന്ന ഞാൻ എന്തോ സ്വപ്നം കണ്ടു കണ്ണു തുറന്നു. തുറന്നിട്ടിരിക്കുന്ന ജനലിൽ കൂടി നിലാവെളിച്ചം മുറിയിലേക്ക് വന്നു കൊണ്ടിരുന്നു. “ഹായ് എന്തൊരു ഭംഗി”, ഞാൻ കിടക്കയിൽ എണീറ്റിരുന്നു. ആകെ നിശബ്ദത, നേർത്ത കാറ്റ് വീശി. പുറത്തെ തൊടിയിൽ വിരിഞ്ഞ പൂക്കളുടെ സുഗന്ധം മുറിയിൽ പരന്നു. ഞാൻ കിടക്കയിൽ നിന്നെഴുന്നേറ്റു. ചാരിയിരുന്ന വാതിൽ പതുക്കെ തുറന്ന് കോവണിപ്പടികളിറങ്ങി താഴെവന്നു. പൂമുഖത്തേയ്ക്കുള്ള വാതിൽ സാക്ഷയിട്ടിരുന്നില്ല. മുത്തശ്ശി മറന്നു പോയതാകാം. ഞാൻ വാതിൽ തുറന്ന് പൂമുഖത്ത് വന്നു. എനിക്ക് ഈ നിലാവിൽ മുറ്റത്തെ മൂവാണ്ടൻ മാവിലെ ഊഞ്ഞാലിൽ ഒന്നാടണം. ഒരേഴു

---

കരുതിയെങ്കിലും അവനെ ഒന്ന് പരീക്ഷിക്കാൻ തീരുമാനിച്ചു. അവൾ പറഞ്ഞു എന്ത് ? അങ്ങ് പറയുന്നത് സത്യമാണോ ? എന്നെ അത്രയ്ക്ക് ഇഷ്ടമാണോ ? വിശ്വസിക്കാൻ കഴിയുന്നില്ല. പറയുന്നത് സത്യമെങ്കിൽ എനിക്ക് അങ്ങയുടെ അമ്മയുടെ ഹൃദയം വേണം. അവൻ ഞെട്ടിയില്ല. പ്രേമാന്ധനായ ആ ചെറുപ്പക്കാരൻ രണ്ടാമതൊന്നാലോചിക്കാതെ അമ്മയുടെ ഹൃദയത്തിനായി ഓടി. പറിച്ചെടുത്ത അമ്മയുടെ ഹൃദയം ഒരിലയിൽ പൊതിഞ്ഞ് കാമുകിയുടെ അടുത്തേക്ക് ഓടി. ഓട്ടത്തിന്റെ തീവ്രതയിൽ ഒരു മരത്തിന്റെ വേരിൽ തട്ടി അവൻ വീണു. വീഴ്ചയിൽ അമ്മയുടെ ഹൃദയം കൈയിൽ നിന്നും തെറിച്ചു പോയി. രക്തത്തിൽ തുടിക്കുന്ന ആ ഹൃദയം മകനെ നോക്കി ചോദിച്ചു. മോനെ നിനക്ക് നൊന്തോടാ ?........ അതാണ് അമ്മ.

അമ്മയുടെ ശാശ്വത സ്നേഹം തിരിച്ചറിയുക. പരമാർത്ഥ സ്നേഹത്തിന്റെ മന്ദഹാസം ഈ ദിനത്തെ ധന്യമാക്കട്ടെ.

വയസ്സുകാരൻ ഈ അസമയത്ത് ഒറ്റയ്ക്ക് വീടിന് പുറത്തു പോകാൻ പാടില്ല എന്നറിയാം. വാതിൽ ചാരി ഞാൻ പുറത്തു വന്നപ്പോൾ പൂമുഖത്തിന്റെ മുറ്റത്തേയ്ക്ക് ചവിട്ടുപടിയിൽ മുത്തശ്ശി ഇരിക്കുന്ന കണ്ടു. മുത്തശ്ശി എന്നെ നോക്കി ചിരിക്കുന്നത് നല്ല കുളിർമയുള്ള നിലാവിന്റെ വെളിച്ചത്തിൽ ഞാൻ കണ്ടു. ചൂണ്ടുവിരൽ ചുണ്ടോടടുപ്പിച്ച് ഒച്ചയുണ്ടാക്കരുത് എന്ന ആംഗ്യം കാണിച്ചുകൊണ്ട് എന്നെ മുത്തശ്ശിയുടെ അരികിൽ പിടിച്ചിരുത്തി. ഞാൻ മുത്തശ്ശിയോട് ഏറ്റവും ചേർന്നിരുന്നു. മുത്തശ്ശിയുടെ വലതു കൈ ചുറ്റിക്കൊണ്ട് എന്നെ ചേർത്തിരിക്കുന്നു.

ഗ്രാമം മുഴുവൻ ഉറങ്ങുകയായിരുന്നു. അടുത്ത വീടുകളിലൊന്നും വെളിച്ചം കണ്ടില്ല. ചെറിയ കുന്നിൻപ്രദേശത്തായിരുന്ന ഞങ്ങളുടെ തറവാട്ടിൽ നിന്നും നിലാവെളിച്ചത്തിൽ വളരെ അകലെയുള്ള വീടുകളും മരങ്ങളും നെൽപ്പാടങ്ങളും കാണാമായിരുന്നു.“ എന്തൊരു ഭംഗി അല്ലേ മുത്തശ്ശി” ഞാൻ താഴ്ന്ന സ്വരത്തിൽ മുത്തശ്ശിയോട് പറഞ്ഞു. മുത്തശ്ശി വലത്തു കൈ കൊണ്ടുള്ള പിടുത്തം ഒന്നുകൂടി മുറുക്കി. ഞങ്ങളുടെ കുറിഞ്ഞിപൂച്ച ഗൗരി മുത്തശ്ശിയുടെ ഇടതുവശത്തു വന്നു കിടന്നു. കുറെ സമയം ഞങ്ങൾ ആ ഇരിപ്പ് ഇരുന്നു. അങ്ങകലെ ആകാശത്തിൽ നക്ഷത്രങ്ങൾ പ്രകാശിച്ചു കൊണ്ടിരുന്നു. മുറ്റത്തെ മന്ദാരചെടിയിൽ നിന്നും ഇടക്കിടെ തുഷാര തുള്ളികൾ വീണുകൊണ്ടിരുന്നു. നിലാവിന്റെ വെളിച്ചത്തിൽ എനിക്ക് അവ സ്വർണ്ണ തുള്ളികൾ പോലെ തോന്നി. ഇലകളിൽ തങ്ങിയിരുന്ന വെള്ളത്തുള്ളികളിൽ നിലാവ് പതിക്കുമ്പോൾ ചെടികൾ വജ്രാഭരണം ധരിച്ച ദേവതകളെപ്പോലെ എനിക്ക് തോന്നി. ഇടത്തു വശത്തെ കയ്യാലതൊഴുത്തിൽ അമ്മ പശുവും ഇന്നലെ ഉണ്ടായ കിടാവും ചേർന്നു കിടന്നിരുന്നു. തറവാട്ടിനോട് ചേർന്നുള്ള തൊടിയിൽ അണ്ണാറക്കണ്ണന്മാരും മുയലുകളും കീരികളും മറ്റും അവരുടെതായ ലോകത്ത് ജീവിച്ചു പോന്നിരുന്നു എന്ന് ഞങ്ങൾക്ക് അറിയാമായിരുന്നു. താഴെയുള്ള പാടത്ത് നെൽചെടികൾ തലയാട്ടി വളർന്നു കൊണ്ടിരുന്നു. ചോള ചെടികൾ, മധുരിക്കുന്ന ചോള മണികൾ പച്ചപ്പൊതികളിൽ ഒളിപ്പിച്ചു വച്ചുകൊണ്ടിരുന്നു. മുറ്റത്തെ മൂവാണ്ടൻ മാവിൽ നിന്നും പുതിയ പുതിയ ഉണ്ണിമാങ്ങകൾക്കു വേണ്ടി കരിഞ്ഞ പൂക്കൾ കൊഴിഞ്ഞു കൊണ്ടിരുന്നു. തൊടിയിൽ വലത്തു വശത്തു നിൽക്കുന്ന അമ്മച്ചി പ്ലാവിലെ ചക്കകൾ നിലാവെളിച്ചത്തിൽ മൂത്തുപഴുത്ത് മധുരം നിറച്ചുകൊണ്ടിരുന്നു. മുറ്റത്തെ ചെത്തിചെടിയിലെ പൂക്കളിൽ ചിത്രശലഭങ്ങൾക്കു വേണ്ടി തേൻ ഊറികൊണ്ടിരുന്നു. മുല്ലച്ചെടിയിലെ വെളുത്ത പൂക്കൾ സുഗന്ധം പടർത്തിക്കൊണ്ടിരുന്നു.

സുന്ദരമായുള്ള നിശബ്ദത പ്രപഞ്ചത്തിന്റെ ഒരിക്കലും കാണാത്ത അനന്തതയും ജീവന്റെ പറഞ്ഞുകേൾക്കാത്ത മായാജാലവും പ്രകടപ്പിച്ചുകൊണ്ടിരുന്നു. അമ്മച്ചി പ്ലാവിന്റെ ഏറ്റവും മുകളിലെ കൊമ്പിൽ കൂടുകെട്ടി മുട്ടകൾക്ക് അടയിരിക്കുന്ന കുരുവി ഒരു ദൈവീക സന്ദേശം നിറവേറ്റുകയാണ്. അങ്ങകലെ കാണുന്ന കുന്നുകൾക്ക് നൂറ്റാണ്ടുകളുടെ ചരിത്രങ്ങൾ പറയാനുണ്ടാകും. കറങ്ങികൊണ്ടിരിക്കുന്ന നക്ഷത്രങ്ങളും ഗ്രഹങ്ങളും എണ്ണമറ്റ ലോകങ്ങളും സർവ്വേശ്വരന്റെ കരങ്ങളിൽ എന്നും സുരക്ഷിതമാണ്.

മുറ്റത്തെ നെല്ലി മരത്തിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് മുത്തശ്ശി പതുക്കെ പറഞ്ഞു. “നോക്കൂ.. ആ നക്ഷത്രങ്ങൾ നമ്മുടെ നെല്ലി മരത്തിലെ നെല്ലിക്കകൾ പോലെയില്ലേ”. നെല്ലിമരത്തിന്റെ കൊമ്പുകൾക്കിടയിലൂടെ



# ശിശിരം

*Er. ദിവ്യ രാമദാസ് സി.*
അസിസ്റ്റന്റ് എഞ്ചിനീയർ

**വീ**ഴുകയായിരുന്നു ആ അഗാധ ഗർത്തത്തിലേക്ക്; വീണുകൊണ്ടേയിരിക്കുന്നു. താണു താണു പോകുന്നതിനിടയിലും പരതുകയായിരുന്നു; ഒരു പിടിത്തത്തിനായി. പെട്ടെന്നാണൊരു മെലിഞ്ഞ വെളുത്ത കൈ നീണ്ടു വന്നത്. പിടിക്കാനായി നീട്ടിയ ആ കൈകളിലേക്കാഞ്ഞെത്തി പിടിക്കുവാൻ ശ്രമിക്കുമ്പോഴാണ് പെട്ടെന്നാ കൈവിരലുകളിൽ കൂർത്തുമൂർത്ത നഖങ്ങൾ വളർന്നത്. സഹായത്തിനു നീട്ടിയെന്നു കരുതിയ ആ കൈ കൊണ്ട് പെട്ടെന്നാണ് കവിളിൽ ഒരു അടി കിട്ടിയത്. അമ്മേയെന്ന് വിളിച്ചുകൊണ്ട് ഒഴിഞ്ഞുമാറാൻ ശ്രമിച്ചപ്പോഴാണ് മനസിലായത്, സ്വപ്നമെന്ന്. കണ്ണുതുറന്ന് കെട്ടിയെഴുന്നേൽക്കുന്നതിനിടയിൽ കണ്ടു, പതിവുകാരനൊരെലി പുതപ്പിനുമുകളിൽ നിന്നും തട്ടിതടഞ്ഞു താഴെ വീണിട്ട് ജീവനും കൊണ്ടോടുന്നത്. എന്തൊരു സ്വപ്നമെന്നാലോചിച്ച് താടിയും തടവി കട്ടിലിൽ ഇരിക്കുമ്പോൾ ഇടം കണ്ണിനടിയിലായി

---

യുള്ള ആ മനോഹരമായ കാഴ്ച ശ്രദ്ധിക്കുന്നതിനിടയിൽ കുറച്ചകലെ കശുമാവിലിരുന്നു കൊണ്ട് ഒരു പക്ഷി പാടി "കുക്കൂക്കുക്കൂ", കശുമാവിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് മുത്തശ്ശി പറഞ്ഞു. "വിഷുപക്ഷിയാണ് വിത്തും കൈക്കോട്ടും പാടാൻ വന്നതാണ്". ആ സ്വരം എനിക്ക് ഏറ്റവും മധുരമുള്ളതായി തോന്നി. കുറച്ചുനേരം പാടിയശേഷം വിഷുപക്ഷി അടുത്ത തൊടിയിലേക്ക് പോയിട്ടുണ്ടാകും. നേർത്തസ്വരത്തിൽ വിത്തും കൈക്കോട്ടും കേൾക്കാമായിരുന്നു.

ഒരേഴുവയസ്സുകാരൻ അവന്റെ വികാരവിചാരങ്ങളെ വിശകലനം ചെയ്യാറില്ല. അനന്തതകൊണ്ട് ചുറ്റപ്പെട്ടവനാണെന്നു പോലും അവൻ അറിയുന്നില്ല. എന്നാൽ നെല്ലിമരത്തിലെ നക്ഷത്രങ്ങൾ അവന് അത്യാഹ്ലാദം കൊണ്ടുവരുന്നു. നല്ല നിലാവുള്ള രാത്രി ഒരു വിഷുപക്ഷി മുറ്റത്ത് വന്ന് പാട്ടുപാടുമ്പോൾ പറയാനാവാത്ത സന്തോഷം. മുത്തശ്ശിയുടെ കൂടെ ചേർന്ന് മുറുകെ പിടിച്ചുള്ള ആ ഇരിപ്പ് ജീവിതത്തിലെ ഏറ്റവും സുരക്ഷിതവും ആഹ്ലാദഭരിതമായ പരിപൂർണ്ണമായ നിമിഷമാണെന്ന് അവൻ തിരിച്ചറിഞ്ഞു.

ജീവിതത്തിലെ ഏറ്റക്കുറച്ചിലുകളും മാറുന്ന സാഹചര്യങ്ങളും വേലിയേറ്റങ്ങളും മറ്റും കൊണ്ട് എല്ലാം ദുഃഖം അനുഭവപ്പെട്ടിട്ടുണ്ട്. എന്നാൽ എനിക്ക് ലോകത്തെ ഒരു തുറന്ന വാതിലിൽ കൂടി ഒരിക്കലെങ്കിലും നോക്കികണ്ട് ഒരു പരിപൂർണ്ണ നിമിഷം എന്താണെന്ന് മനസ്സിലാക്കാൻ സാധിച്ചതിൽ എന്നും സംതൃപ്തിയുണ്ട്.

ചെറിയൊരു നീറ്റം. ശരിക്കും സ്വപ്നത്തിലെ ആ വളയിട്ട മെലിഞ്ഞ കൈ അടിച്ച സ്ഥലത്ത് തന്നെ. പതിയെ പുതപ്പുമാറ്റി എഴുന്നേറ്റു. വേണ്ടെന്നു കരുതിയിട്ടും ദൈവമേ എന്നു വിളിച്ചുകൊണ്ട് തന്നെയാണ് കാൽ നിലത്തു ചവിട്ടിയത്. എന്നത്തെയും പോലെ ഒരു നിമിഷം അമ്മയെ ഓർത്തു. എഴുന്നേൽക്കുമ്പോൾ പ്രാർത്ഥിക്കാൻ പഠിപ്പിച്ച ശ്ലോകങ്ങളൊക്കെ എന്നോ മറന്നിരിക്കുന്നു; എന്നാലും വേണ്ടായെന്നു പലവട്ടം സ്വയം പഠിപ്പിച്ചു നോക്കിയിട്ടും അമ്മയുടെ പാഠം തന്നെ ഇപ്പോഴും ശീലം. അറിയാതെ പോലും പതിയെ ജനലഴിയിൽ കെട്ടിയിരിക്കുന്ന കണ്ണാടിയിൽ നോക്കി. വളർന്ന് നിൽക്കുന്ന താടിക്കും കണ്ണിനുമിടയിലെ ആ ചെറിയ ക്യാൻവാസിൽ മിടുക്കനായ ഒരു ചിത്രകാരൻ വരഞ്ഞ ചിത്രം പോലെ ചോരകിനിയുന്ന ഒരു Modern art, ചിരിച്ചു പോയി. പാവം വളയിട്ട ആ കൈകൾ ..... ? ചിത്രകാരനെ പിടികിട്ടി. സ്വർഗ്ഗ ശക്തി മുഴുമിക്കാൻ സമ്മതിക്കാത്ത പരിഭവവുമായി പുതപ്പിനുമുകളിലൂടെ ഓടിപ്പോയ ആ ചിത്രകാരൻ മച്ചിലെവിടെയെങ്കിലുമിരുന്നു മുറുമുറുക്കുന്നുണ്ടാകും. മാസച്ചെലവിൽ ലാഭിക്കുന്നതിനേക്കാളുപരി, ഇത്തരം ചിത്രരചനകൾക്കിടം കൊടുക്കാതിരിക്കുന്നതിനായിട്ടാണ് താടിയിത്രയും നീട്ടിവളർ ത്തിയത്, എന്നിട്ടും... ചിരിച്ചുകൊണ്ട് മേശമേലിരിക്കുന്ന കലത്തിൽ നിന്നും വായിൽ ഒരു കവിൾ വെള്ളമെടുത്ത് ജനലഴികളിലൂടെ പുറത്തേക്ക് നീട്ടിത്തുപ്പി. പെട്ടെന്നാണ് കുഞ്ഞിമാളുവിന്റെ നിരോധനാജ്ഞ ഓർമ്മ വന്നത്. ജനാലിലൂടെ പുറത്തേക്ക് തുപ്പരുതെന്ന് പലയാവർത്തി പറഞ്ഞു കഴിഞ്ഞിരിക്കുന്നു. ഇനിയും തുപ്പുകയാണേൽ മുറിയിലേക്ക് വെള്ളം കൊണ്ടു വയ്ക്കില്ലയെന്ന നിയമവും പുറപ്പെടുവിച്ചതാണ്. ജനലഴികളിൽ മുഖം ചേർത്ത് താഴെക്കെത്തിച്ച് നോക്കി, ഭാഗ്യം അവൾ കണ്ടില്ലേ. തോന്നുന്നു. കിണറ്റുകരയിലൊന്നും അവളെ കാണുന്നില്ല. ചുറ്റും കൊഴിഞ്ഞു കിടക്കുന്ന ഇലകൾക്കിടയിൽ ഉയർന്നു നിൽക്കുന്ന പച്ചപ്പൂപ്പൽ നിറം ആൾമറയുള്ള ആ കിണർ വളരെ മിടുക്കനായ ഒരു ചിത്രകാരൻ വരച്ച ചിത്രംപോലെ. ഉണങ്ങിയതും പഴുത്തതുമായ പലവിധ ഇലകൾ നിലത്തൊരു വർണ കുമ്പളം വിരിച്ച പോലെ. ശിശിരകാലമെത്തി... "ശിശിരം" ആ വാക്കോർത്തതും ആ കാഴ്ചകളുടെ ഭംഗി മങ്ങിയപോലെ തോന്നി. ചുറ്റും ഇരുട്ടായി ഒന്നും കാണാനാകാതെയായെങ്കിൽ മതിയെന്നോർത്തു പോയി. ജനൽ വലിച്ചടച്ച് വെള്ളം കലവുമെടുത്ത് ധ്ധടിതിയിൽ താഴേക്കിറങ്ങിയപ്പോൾ മരക്കോവണിപ്പടികൾ പതിവിലുമുറക്കെ കരഞ്ഞു.

കിണറ്റിൻ കരയിലെത്തി ചുറ്റുമൊന്ന് കണ്ണോടിച്ചു. ഇല്ല, ആളെ ഈ പരിസരത്തൊന്നും തന്നെ കാണുന്നില്ല. സാധാരണ താനിറങ്ങി വരുമ്പോഴേക്കും ആ മുറ്റത്തെങ്കിലും കോണിൽ കുഞ്ഞിമാളു ഉണ്ടാകും. ആ മാവിൻ ചോട്ടിലോ, പുളിമരത്തിലെ ഊഞ്ഞാലിലോ അതുമല്ലെങ്കിൽ തന്നെ പേടിപ്പിക്കുവാനായൊരുങ്ങി കിണറ്റിനു പുറകിലോ ഒക്കെ. ഇല്ല, ഇന്നിപ്പോ എവിടെയും കാണുന്നില്ല. കാതോർത്തു, അവളുടെ ശബ്ദമോ, പാദസരക്കിലുക്കമോ ഒന്നും കേൾക്കുന്നില്ല. എഴുന്നേറ്റിട്ടില്ലയെന്ന് വരുമോ? സാധാരണ അങ്ങനെ വരാറില്ല, ഇനിയെന്തെങ്കിലും അസുഖമായിക്കാണുമോ ? ആ ചിന്ത വല്ലാതെ അലോസരമുണ്ടാക്കി. കിണറ്റിൽ നിന്നും വെള്ളം മുക്കി കൈകാലുകൾ കഴുകിയെന്നും പല്ലുതേച്ചെന്നും വരുത്തി ധൃതിയിൽ വടക്കു പുറത്തേക്ക് നടന്നു. തൊഴുത്തിൽ കാൽപ്പെരുമാറ്റം കേട്ടപ്പോൾ

അങ്ങോട്ടു നോക്കി, രാധേച്ചിയാണ്. മുഖം കണ്ടപ്പോഴേ എന്തോ പന്തികേട് തോന്നി. കരഞ്ഞ കണ്ണുകളും വാടിയ മുഖവും.... രാധേച്ചിയേ കാണുമ്പോഴൊക്കെ അമ്മയെ ഓർക്കും. രാധേച്ചിയെപ്പോലെ തന്നെ പണി യൊഴിഞ്ഞിട്ട് നേരമില്ലായിരുന്നു അമ്മയ്ക്കും. എത്ര വെളുപ്പിനെ എഴുന്നേറ്റാലും അതിനും മുൻപേ എഴുന്നേറ്റ് പണികൾ തുടങ്ങിയ അമ്മയെയാണെന്നും കണ്ടിട്ടുള്ളത്. അതേ പോലെ തന്നെയാണു രാധേച്ചിയും. ഒരുവിധ ത്തിൽ നോക്കുമ്പോൾ അമ്മയുടെ പ്രതിരൂപം തന്നെയല്ലേ രാധേച്ചിയും. വഴിതെളിച്ചു കൈപിടിച്ചു നടത്തേണ്ടവർ പകുതിവഴിയിലെ കാടുപിടിച്ച പാതയോരത്തു തനിച്ചാക്കി പോയപ്പോഴുണ്ടായ പകപ്പ് കണ്ണുകളിലെ വിടെയോ ഒളിപ്പിച്ച് മക്കൾക്ക് വേണ്ടി പൊരുതാനിറങ്ങിയ അമ്മയുടെ കണ്ണിലെ ഭീതിയും നെഞ്ചിലെ നീറ്റലും മനസിലെ ഇല്ലാത്ത ധൈര്യവും അതേപോലെ പിന്നീട് കണ്ടതിവിടെയാണ്, രാധേച്ചിയിൽ അത്തര ത്തിലുള്ള ഏതോ ഒരു ചിലന്തിനൂലാണ് പല ബുദ്ധിമുട്ടുകളുണ്ടായിട്ടും താമസം മാറാതെ തന്നെയിവിടെ നിർത്തിയിരിക്കുന്നത്. അമ്മയ്ക്ക് മരണമെന്ന രീതിയിലാണെങ്കിൽ രാധേച്ചിക്ക് മറ്റൊരു തരത്തിൽ എന്ന് മാത്രം വ്യത്യാസം. അമ്മയ്ക്ക് രണ്ട് കുഞ്ഞുങ്ങളെ പറക്കാൻ പഠിപ്പിക്കണമായിരുന്നുവെങ്കിൽ രാധേച്ചിക്ക് ഒരു കുഞ്ഞിമാളു മാത്രം. അതൊഴിച്ചാൽ ഇരുപത് വർഷങ്ങൾക്ക് മേലെയുള്ള എന്റെ അമ്മ തന്നെയാണിപ്പോഴീ തൊഴുത്തിൽ മൂക്കു പിഴിഞ്ഞും മുഖം തുടച്ചും നിൽക്കുന്നത്. ''കുഞ്ഞിമാളു എന്ത്യേ രാധേച്ചീ?'' എന്നയെന്റെ ചോദ്യത്തിന് അപ്പുറത്തെവിടേലും കാണും" എന്ന് എനിക്ക് മുഖം തരാതെ രാധേച്ചി പറഞ്ഞപ്പോൾത്തന്നെ എനിക്കെന്തോ പ്രശ്നം മണത്തു. " എന്താ അവൾക്കെന്തേലും അസുഖം'' വീണ്ടും ചോദിച്ചു. എനിക്ക് " അതെ, അസുഖം തന്നെ, അല്ലെങ്കിലെന്നോട്....? എന്ന ഇടറിയ വാക്കു കളുടെ പുറകേ അണപൊട്ടിയ പ്രവാഹത്തെ യാണ് കാണാൻ കഴിഞ്ഞത്. ഉടനെ തിരിഞ്ഞ് ഉമ്മറത്തേക്ക് നടക്കുമ്പോൾ മനസിലോർത്തു. അമ്മ കരഞ്ഞ് തുടങ്ങുമ്പോഴും താനോടാറായി രുന്നുവല്ലോ പതിവ്. ഉമ്മറത്തെത്തി നോക്കിയ പ്പോഴവിടെയതാ വീർത്തുകെട്ടിപ്പെയ്യാറായ എന്നാൽ വാടിയ ഒരു മേഘത്തുണ്ട്. ആ കുരുന്നു ഭാവംകണ്ട് മനസിടറിയെങ്കിലും ചിരി വരുത്തി വിളിച്ചു, മാളുടീച്ചറേ, എന്താ പ്രശ്നം? അവിടെയും പുഴകരകവിഞ്ഞു ഇവിടെ നിന്നു മോടാനിടമില്ലാത്തവനെപ്പോലെ ഞാനതിൽ നനഞ്ഞു. പതിയെ കുഞ്ഞുമാളുവിനെയെടു ത്ത്കൊണ്ട് ഒന്നും മിണ്ടാതെ കുറച്ച് നടന്നു. മാവിൻ ചോട്ടിലൂടെ പുളിമരത്തിലെ ഊഞ്ഞാ ലിനപ്പുറത്തൂടെ, പിന്നെയാ കിണറ്റു കരയിൽ നിർത്തി മുഖം കഴുകിച്ചു. പതിയെ ചോദിച്ചു. എന്താ മാളു കാര്യം " ? ശമിച്ചു തുടങ്ങിയ ഏങ്ങലടികൾക്കിടയിൽ ഒരു വാക്കു മാത്രം കേട്ടു " അച്ഛൻ...." വീടിനകത്തേക്കോടിപ്പോയ ആ പാദസരക്കിലുക്കത്തിൽ എന്നെ നഷ്ട മായി ഞാൻ നിന്നു എത്രയോ നേരം...!

ബസിൽ കയറി കോളേജ് എത്തു ന്നതുവരെ ചിന്തകളുടെ ഒഴുക്കിൽ പൊങ്ങിയും താണുമുള്ള ഒരു യാത്രയായിരുന്നു. നനഞ്ഞ നാലുകണ്ണുകൾ... എന്നെ നനച്ചുകൊണ്ട് കണ്ണീർ പ്രവാഹം മുന്നോട്ട്... രാധേച്ചിയുടെ ഭർത്താവ് കുഞ്ഞിമാളുവിന് ഒരു വയസ്സുള്ള പ്പോൾ അവരെ വിട്ടു പോയതാണ്. കേട്ടു കേഴ്വികളിലൂടെ അറിഞ്ഞതാണ്. കുഞ്ഞി മാളുവിന്റെ അച്ഛൻ ശങ്കരൻ ചേട്ടൻ വളരെ നല്ലവനും പരോപകാരിയുമായിരുന്നത്രേ. പരോപകാരം തന്നെ വിനയായി. എങ്ങിനെ യോ എടുത്താൽ പൊങ്ങാത്തത്ര കടമായ പ്പോൾ സ്വന്തം വീട്ടുകാരെ പോലും വിട്ട് പുള്ളി

എവിടേക്കോ പോയി. നഷ്ടം പാവം രാധേച്ചിക്കും; കുഞ്ഞുമാളുവിനും നഷ്ടം...” ആ വാക്ക് കേട്ടപ്പോൾ ചോദിക്കാൻ തോന്നി, “ ഒരു ശിശിരകാലത്തായിരിക്കുമല്ലേ ശങ്കരൻ ചേട്ടൻ പോയത് ?..... തളർന്ന് വീഴാൻ പോലും കഴിയാതെ പോയ രാധേച്ചി ഓടിത്തുടങ്ങുകയായിരുന്നു പിന്നീട്, കുഞ്ഞിമാളുവിനു വേണ്ടി. നാട്ടിൽ നിന്നും പട്ടണത്തിലെ കോളേജിൽ പഠിക്കാൻ വരുമ്പോൾ അമ്മയുടെ വിയർപ്പിന്റെ അരിഷ്ടിച്ച തുകയിലൊതുങ്ങുന്ന മാസച്ചെലവ് വലിയൊരു പ്രഹേളികയായിരുന്നു. എനിക്ക് ആ പ്രഹേളികയാണ് കോളേജിലെ സെക്യൂരിറ്റി മാമൻ വഴി എന്നെ കുഞ്ഞിമാളുവിലും രാധേച്ചിയിലുമെത്തിച്ചത്. ‘കുറച്ചധികം ദൂരത്താ’ എന്ന് പറഞ്ഞതിലെ ലാഭം അന്ന് സെക്യൂരിറ്റി മാമന്’ മനസിലായില്ല. ഒറ്റക്ക് ദൂരെ താമസിക്കുമ്പോൾ പല പല പട്ടിണികൾ എനിക്കുണ്ടാക്കിത്തരുന്ന ലാഭമായിരുന്നു എന്റെ കണക്കിൽ. അങ്ങനെയാണ് എനിക്കാ ദ്രവിച്ച മരക്കോവണി കയറിയെത്തുന്ന ഒരു കുടുസു ജനലുള്ള, ബഞ്ചിനോളം പോന്ന കട്ടിലുള്ള ഇളകിയ കാലുള്ള കസേരയുള്ള, കടുകുചോരുന്ന മേശയുള്ള മച്ചിൻ മോളിലെ മുറികിട്ടുന്നത് എന്നെയും കാത്ത് അവിടെ പാറ്റ മുതൽ മരപ്പട്ടിയടക്കമുള്ള അന്തേവാസികളുമുണ്ടായിരുന്നു. അവരിൽ പലരേയും കുടിയിറക്കി ഞാനിവിടെ കുടിയേറിയതാണ്. പട്ടിണി തരുന്ന ലാഭത്തിന്റെ കണക്കുകൂട്ടൽ എനിക്കു പിഴച്ചു. മച്ചിനു താഴെ വീടിനോട് ചേർത്തിറക്കിയ ചാർപ്പിൽ രാധേച്ചി ഒരു ചായക്കട നടത്തുന്നുണ്ടായിരുന്നു. “മോന് ഭക്ഷണത്തിന് വേറെ എവിടേം പോകണ്ട, ഇവിടെ സൗകര്യമുണ്ട്’’. എന്നുറക്കെയും ‘‘പട്ടണത്തിൽ പോയി കഴിക്കാതെ ഇവിടുന്ന് കഴിച്ചാൽ ഇവർക്കൊരു സഹായമാകും. പാവങ്ങളാ മോനേ” എന്നു രഹസ്യമായും സെക്യൂരിറ്റിമാമൻ പറഞ്ഞപ്പോൾ എന്റെ കൂട്ടലും കിഴിക്കലും മാറ്റിയെഴുതപ്പെട്ടു. പക്ഷേ പിന്നീടങ്ങോട്ടുള്ള ദിനങ്ങളിൽ ഞാനറിയാതെയിവിടെ ഞാൻ തളയ്ക്കപ്പെട്ടു. കുഞ്ഞിമാളു എന്റെ സുഹൃത്തായി, എന്റെ സുജമോളേപ്പോലായി. പശുത്തൊഴുത്തിലും കിണറ്റുകരയിലും ചായക്കടയിലും പറമ്പിലും രാധേച്ചിയുടെ രൂപത്തിലെന്റെയമ്മ എന്റെ കൺമുൻപിലൂടെ ഓടി നടക്കുന്നത് ഞാൻ കണ്ടു. പ്രാതലിന് എന്റെയമ്മയുടെ കൈപ്പുണ്യവും കരുതലും കൂടി കിട്ടിയപ്പോൾ കണക്കുകൂട്ടലിലെ നഷ്ടം എന്റെ മനസിൽ ലാഭക്കണക്കെഴുതി പഠിപ്പുകഴിഞ്ഞുള്ള കുറച്ച് സമയം കോളേജിനടുത്തുള്ള ട്യൂട്ടോറിയലിൽ പഠിപ്പിക്കുവാൻ ഒരവസരം നേടിയെടുത്തത് നാട്ടിലുള്ള അമ്മയ്ക്ക് ഒരാശ്വാസമാകാനായിരുന്നു; മുക്കാൽ മണിക്കൂറിലധികമുള്ള യാത്രയും വിരളമായുള്ള ബസുകളും ബുദ്ധിമുട്ടുകളേറെയുണ്ടായിരുന്നെങ്കിലും എന്റെ മച്ച് മുറി വിട്ടുപോരാൻ ഞാനാഗ്രഹിച്ചില്ല. കാരണം ഒരമ്മയുടെ ആശ്വാസത്തിനായി ഞാൻ കണ്ടെത്തിയ ജോലി മറ്റൊരമ്മയുടെ ആശ്വാസം കളയുന്നതെനിക്കെന്തോ ഇഷ്ടമായില്ല. ഒരിക്കൽ വെറുതെയെങ്കിലും പട്ടണത്തിലേക്ക് താമസം മാറുന്നതിനെക്കുറിച്ച് സൂചിപ്പിച്ചപ്പോൾ രാധേച്ചിയുടെ മുഖത്തുണ്ടായ അമ്പരപ്പ്, പണ്ട്, സ്ഥിരമായി പാലും കോഴിമുട്ടയും വാങ്ങിക്കൊണ്ടിരുന്ന അയൽക്കാർ താമസം മാറിപ്പോകുന്നതറിഞ്ഞുണ്ടായ എന്റെയമ്മയുടെ നിസ്സഹായാവസ്ഥയുടെ പ്രതിഫലനമാണെന്ന് വേദനയോടെ ഞാൻ തിരിച്ചറിഞ്ഞു. ആ തിരിച്ചറിവിൽ ഞാനവിടെയെന്റെ വീട് കണ്ടു. അവരെന്റെ വീട്ടുകാരായി... “സുധിസാറെ, ഇറങ്ങുന്നില്ലേ, ഉറങ്ങിപ്പോയോ?” കണ്ടക്ടറുടെ വിളിയിൽ ചിന്തകളുടെ കിണറ്റിൽ നിന്നും ഞാൻ

പുറത്തെത്തി. കോളേജെത്തിയിരിക്കുന്നു. ട്യൂട്ടോറിയലിൽ പഠിപ്പിക്കുന്നതിനാൽ സഹപാഠി കളടക്കം പലരും സാറെയെന്നാണ് വിളിക്കുന്നത്. കണ്ടക്ടറുടെ തോളിൽ തട്ടി, ചെറുതായി ചിരിച്ചുകൊണ്ട് ഇറങ്ങി നടന്നു.

കോളേജ് ഗേറ്റ് കടന്ന് അകത്തേക്കുള്ള വഴി മുഴുവൻ ഇലകൾ പൊഴിഞ്ഞ് ഭംഗിയുള്ള ഒരു മെത്ത തീർത്തിരിക്കുന്നു. ഇരുവശങ്ങളിലുമുള്ള സിമന്റ് ബഞ്ചുകളിലും ഇലകൾ കിടക്കുന്നു; ചെറിയ കാറ്റിൽ പതിയെ പൊഴിഞ്ഞുകൊണ്ടുമിരിക്കുന്നു. കവികൾ ധാരാളം വർണിച്ച, ചിത്രകാരന്മാർ വളരെയധികം പകർത്തിയ ഈ മനോഹാരിത പക്ഷേ എനിക്കു നൽകുന്നത് നഷ്ടത്തിന്റെ ഗന്ധവും നിറവുമാണെന്ന് അസ്വസ്ഥതയോടെയയാളോർത്തു. ഇന്നിനി ക്ലാസിലിരുന്നാൽ ശരിയാവില്ല, പതിയെ നടന്ന് ലൈബ്രറിയിൽ കയറി. ആളൊഴിഞ്ഞ അധികം ശ്രദ്ധിക്കപ്പെടാത്ത ഒരു മൂലയിൽ പോയിരുന്നു. മേശപ്പുറത്തിരുന്നിരുന്ന ഒരു പുസ്തകം പതിയെ മുന്നോട്ട് നീക്കിവച്ചു തുറന്നു. “എന്താടോ സുധീ, ഇന്നു ക്ലാസിൽ കയറാതെ സ്വയം പഠിക്കാമെന്ന് കരുതിയോ?” തിരിഞ്ഞു നോക്കിയപ്പോൾ മേനോൻ സാറാണ്, പതിവു ചിരിയുമായി തിരിച്ച് മന്ദഹസിച്ചു. കണ്ണട കയ്യിലെടുത്ത് മുണ്ടിന്റെ കോന്തലകൊണ്ട് തുടച്ചുകൊണ്ട് മേനോൻ സാർ ചോദിച്ചു, “എന്തായി അന്നത്തെ ആ ജോലിക്കാര്യം, വല്ലതും അറിവായോ?”. ഒന്നുമായില്ലന്നു തലയാട്ടി. “വരും; വരട്ടെ, നോക്കാം” എന്ന് പറഞ്ഞുകൊണ്ട് സാർ നടന്നു. ജോലി, മറന്നിരുന്നതായിരുന്നു. കിട്ടുമ്പോൾ കിട്ടട്ടെ. സ്വയം പറഞ്ഞുകൊണ്ട് തുറന്ന പുസ്തകത്തിലേക്കയാൾ തലചായ്ച്ചു വല്ലാതെ ആഗ്രഹിക്കാതിരിക്കുന്നതാ നല്ലത്, ഇതിപ്പോ അമ്മയ്ക്കൊരു വിശ്രമം അതിനു വേണ്ടിയാണീ ജോലിക്ക് അപേക്ഷിച്ചത് തന്നെ. അല്ലെങ്കിലും ആവശ്യം നേരത്ത് പലപ്പോഴും എനിക്കൊന്നും കിട്ടാറില്ലല്ലോ. കിട്ടിയിരുന്നെങ്കിൽ എന്റെ നഷ്ടങ്ങളൊക്കെ കുറഞ്ഞേനെ. ജോലി എന്ന പ്രശ്നം എനിക്ക് നഷ്ടമാക്കിയതിന്റെ കാർത്തികയെയല്ലെ. സുജമോൾക്കുമേറെയിഷ്ടമായിരുന്നവളെ. ഓർമ്മയുറയ്ക്കും മുൻപെ അച്ഛൻ നഷ്ടമായപ്പോൾ പക്ഷെ ആശ്വസിക്കാമായിരുന്നു, അച്ഛനെന്നെ തൊട്ടിട്ടുണ്ട്, പാവം സുജമോൾ വരുന്നതിനുമുൻപേ അച്ഛൻ പോയി. ഒരു ശിശിരത്തിലാകാം അത്. പിന്നീടമ്മ ഞങ്ങളെയുംകൂട്ടി മൂത്തമ്മാവന്റെ വീട്ടിൽ ചെന്നപ്പോഴാ കാർത്തികയെ ആദ്യമായി കണ്ടത്. പക്ഷേ അമ്മാവനു ഭാരമാകുന്നുവെന്ന തോന്നലുണ്ടായപ്പോൾ അമ്മയവിടന്നുപോന്നു. അന്നവൾ, കുഞ്ഞു കാർത്തിക ഞങ്ങളോടൊപ്പം പോരാൻ വാശിപിടിച്ചു കരഞ്ഞു. അമ്മയോടൊപ്പം കുഞ്ഞമ്മാവനും വന്നു. ഒറ്റാംതടിയായ കുഞ്ഞമ്മാവൻ പിന്നൊരു കൂടുതേടിയില്ല. പെങ്ങളുടെയും മക്കളുടെയും രക്ഷിതാവായി. കുഞ്ഞമ്മാവൻ എനിക്കൊരു രക്ഷിതാവായിരുന്നില്ല. കൂട്ടായിരുന്നു. അച്ഛന്റെ നഷ്ടം മറന്നുപോകാൻ ഞങ്ങളെയേറ്റം സഹായിച്ചവൻ. കാർത്തികയെ തരുമെന്നെനിക്കുറപ്പുതന്നവൻ, സുജമോൾക്കൊരു രാജകുമാരനെ കൊണ്ടുതരുമെന്ന് പറഞ്ഞവൻ.... പക്ഷേ, എന്റെ പന്ത്രണ്ടാം വയസിൽ ഒരു ന്യുമോണിയാ രൂപത്തിൽ ഞങ്ങളറിയാതെ ഞങ്ങളിൽ നിന്ന് പൊഴിഞ്ഞ് പോയവൻ. അന്നൊരു ശിശിരമായിരുന്നെങ്കിലും ഞാനത് ശ്രദ്ധിച്ചിരുന്നില്ല. പകച്ചുപോയയമ്മ പക്ഷേ ഞങ്ങളെ ചേർത്തണച്ചോടാൻ തുടങ്ങിയിരുന്നു. കണ്ണീർ പൊള്ളിക്കും മനസുമായി കൂടെ ഞാനും. പിന്നീടെങ്ങിനെയോയെപ്പോഴോ കാർത്തികയെന്റെ കൂട്ടിനെത്തി മനസിനെ തണുപ്പിച്ചും

സുജമോളെ ചിരിപ്പിച്ചും ഒരു ബലമായി ശക്തിയായ കൂട്ടായി. ശിശിരങ്ങൾ ഞാനറിയാതെ പലതും കടന്നുപോയി, ഒരു പക്ഷേ പലർക്കായി നഷ്ടങ്ങൾ നൽകിക്കൊണ്ടാവാം. എനിക്കുണ്ടാവാത്തതിനാലാവാം ഞാൻ ശ്രദ്ധിക്കാഞ്ഞത്. ഒരിക്കൽ കാർത്തികയെത്തി നനഞ്ഞ കണ്ണുകളുമായി, ഇലകൾ കൊഴിയാൻ തുടങ്ങിയ മരച്ചോട്ടിൽവച്ചെന്നോടു പറഞ്ഞു ഞാൻ കൂടെ വരുന്നുവെന്ന്. പണ്ട് വാശിപിടിച്ചു കരഞ്ഞ അതേ വാശിയോടെ അതേ കുഞ്ഞു കാർത്തികയായി. ജോലിയെന്നതൊരു പ്രശ്നമായതിനാൽ കാത്തിരിക്കാൻ പോലും പറയാനാവാതെ ഞാൻ നിന്നു. സുജമോളാണ് പറഞ്ഞത് 'സുധിയേട്ടൻ പോയി ജോലിയന്വേഷിക്കു കാർത്തികേച്ചിയെ നമുക്ക് കൊണ്ടരണം' എന്ന്. ദൂരെ നഗരത്തിൽ ജോലിയുള്ള കൂട്ടുകാരന്റെ വീട്ടിൽപ്പോകാനും അന്വേഷിക്കാനും പറഞ്ഞത് അവളാണ്. കാർത്തികയോട് കാത്തിരിക്കാൻ പറഞ്ഞതുമവളാണ്. കൂട്ടുകാരനെ കണ്ട് തിരിച്ചെത്തിയപ്പോൾ കണങ്കാലിൽ നിന്നും പാദസരമൂരി ചെപ്പിലിട്ട് വയ്ക്കുന്ന സുജമോളെക്കണ്ടു. പൂച്ചമാന്തി കാൽ മുറിഞ്ഞെന്നും പാദസരമിടാൻ പറ്റുന്നില്ലാന്നും പിന്നെ സ്വർണപാദസരമാണേൽ നഗരത്തിൽ ജോലി തേടിപ്പോകുമ്പോൾ വിൽക്കാൻ തരാമായിരുന്നുവെന്നുമവൾ കളിയായി പറഞ്ഞു. മരുന്നു വാങ്ങാമെന്ന് പറഞ്ഞപ്പോൾ വൈദ്യരെ കണ്ടെന്നും ഏട്ടൻ നഗരത്തിലേക്ക് പുറപ്പെട്ടോളു എന്നും പറഞ്ഞവൾ. ഞാൻ പോയി നാലാം നാൾ ഒരു പനിയോടെ ഞെട്ടറ്റു വീണവൾ.... അതും ഒരു ശിശിരകാലമായിരുന്നല്ലോ. പിന്നീട് കാർത്തികയുടെ നനഞ്ഞ കണ്ണിലെ ചോദ്യമുനകൾക്ക് കാത്തിരിക്കുവാൻ പറഞ്ഞവളോട് ചോദിക്കൂ എന്ന ഭാവവുമായി തിരിഞ്ഞു നടന്നപ്പോൾ എന്റെമേലും വീഴുന്നുണ്ടായിരുന്നില്ലേ ഞെട്ടറ്റ കുറേയിലകൾ..... അവളുമെന്റെ ശിശിരകാല നഷ്ടമായപ്പോൾ ഞാനുറപ്പിച്ചതാ എന്റെയച്ഛനും ഇങ്ങനെയൊരിലപൊഴിയും കാലത്താകാം പോയതെന്ന്. അന്നുമുതലിന്നോളം ശിശിരത്തിന്റെ ഭംഗിയേക്കാളേറെ അറ്റുവീഴുമ്പോഴു ണ്ടാകുന്ന വേദനകളെയാണെനിക്കോർക്കാനോമനിക്കാൻ തോന്നുക. ഒരു പക്ഷേ ആരും കാണാതെ കരയുന്നുണ്ടാകുമോ ഇലകളും നഗ്നമാകുന്ന ചില്ലകളും.

ഓർമ്മകളിൽ നിന്നുണർന്ന് എപ്പോഴാണോ ബസ് കയറിയതെന്നും മച്ചിൻ മുകളിലെ മുറിയിലെത്തിയതെന്നുമറിയില്ല. താഴെ നിന്നുള്ള രാധേച്ചിയുടെ വിളികേട്ടാണ് സ്വബോധത്തിലേക്ക് തിരിച്ചെത്തിച്ചത്. രാവിലെ ഒന്നും കഴിക്കാതെ പോയതിന് പരിഭവം പറഞ്ഞപ്പോഴാണ് ഇന്നൊന്നും തന്നെ കഴിച്ചില്ലയെന്നും ഓർമ്മകൾ അയവിറക്കുക യായിരുന്നെന്നും മനസ്സിൽ പതിഞ്ഞത്. കുഞ്ഞിമാളു രാത്രിയിൽ അച്ഛനെ സ്വപ്നം കണ്ടു എന്നും രാവിലെ അച്ഛനെ കാണാൻ വാശിപിടിച്ചെന്നും അതാ ഒന്നും മിണ്ടാതിരു ന്നതെന്നുമൊക്കെ ക്ഷമാപണം പോലെ രാധേച്ചി പറഞ്ഞുകൊണ്ടിരുന്നു. അതൊന്നും മനസ്സിൽ കേറിയതേയില്ല, ഒരു കാര്യമൊഴിച്ച് മൂന്നുവർഷം മുൻപേ ഏകദേശം ഈ സമയ ത്താണ് ശങ്കരേട്ടൻ പോയത് എന്ന രാധേച്ചിയുടെ വാക്ക്. അതെ, അതും ഒരു ശിശിരകാല നഷ്ടമാണ്. എനിക്ക് മാത്രമല്ല ഇവർക്കും ശിശിരം നഷ്ടം തന്നെയാണ്. മുറ്റത്ത് കൊഴിഞ്ഞ ഇലകൾ പെറുക്കി തലപ്പാവുണ്ടാക്കുന്ന കുഞ്ഞുമാളുവിന്റെ അടുത്ത് ചെന്ന് പറഞ്ഞു. മോളേ ഈയിലകൾ കരയുവാണ് കണ്ടോ' കുഞ്ഞുമാളു കളിയാക്കി ചിരിച്ചു. "അയ്യേ താടീ, അത്

കരഞ്ഞതല്ല മാളുമോൾ വെള്ളത്തിൽ കഴുകീതാ" ഒന്നും മിണ്ടാതെ പോയി കിടന്നു. എപ്പോഴോ ഉറങ്ങി. മച്ചിലെ ചിത്രകാരനെലി വന്നു നോക്കിയത് പോലുമില്ല. പിറ്റേന്ന് രാവിലെയും അറിയാതെ ജനലിലൂടെ നീട്ടിതുപ്പി കുഞ്ഞിമാളുവിന്റെ വക ശകാരം കിട്ടി. രാധേച്ചി കുഞ്ഞിമാളുവിനെ വഴക്ക് പറഞ്ഞു. അവർ രണ്ടുപേരും പണ്ടേപോലെ ഉഷാറായി. അത്ഭുതം തോന്നി, ശിശിരം അവർക്കും എന്നെപ്പോലെ നഷ്ടം നൽകുമെന്ന് അവരറിഞ്ഞില്ലേ ആവോ.

കോളേജിന്റെ ഗേറ്റ് കടക്കുമ്പോഴുണ്ട് സെക്യൂരിറ്റി മാമൻ കൈകെട്ടി വിളിച്ചു. മോന് ഒരു കത്തുണ്ട് എന്ന് പറഞ്ഞൊരു കവർ കൊടുത്തു. പതിയെ നടന്നുകൊണ്ട് കവർ പൊളിച്ചു തുറന്നു വായിച്ചപ്പോൾ അവിടെ നിന്നുപോയി. "എന്താടോ, അവിടെ നിൽക്കുന്നെ എന്താ കയ്യിൽ?" സ്ഥലകാല ബോധം കിട്ടി നോക്കുമ്പോൾ മേനോൻ സർ, ''ജോലികിട്ടിയെന്നുള്ള അറിയിപ്പാണ്''. പറയുമ്പോൾ ഗദ്ഗദമോ ? " ആ നല്ലത് വരട്ടെ, തനിക്ക് നല്ലകാലമാണെടോ'', പുറത്ത് തട്ടിയിട്ട് മേനോൻ സർ നടന്നു. " ഈ ശിശിരം എനിക്ക് നല്ലതോ, ഹേയ് സാറിനറിയാഞ്ഞിട്ടാ എനിക്ക് നഷ്ടങ്ങൾ മാത്രം തന്ന കാലമാ ഇത്', മനസ്സിൽ പറഞ്ഞിട്ട് മുന്നോട്ട് നടക്കുമ്പോൾ പക്ഷേ ഉണങ്ങിയ ഇലകൾക്കിടയിൽ പഴുത്തിലകളിൽ വെയിൽ തട്ടിതിളങ്ങുമ്പോൾ അവ ചിരിക്കുന്നതായി തോന്നുന്നുവോ ?? വെറുതെ തോന്നുന്നതാവാം

വൈകിട്ട് വീടിനടുത്തേക്കെത്തുമ്പോഴേ കേൾക്കുന്നു കുഞ്ഞിമാളുവിന്റെ പൊട്ടിച്ചിരി. രാധേച്ചി തിരക്കിട്ട പണികളിൽ, കണ്ണിൽ ഒരു പ്രത്യേക തിളക്കം. എന്നെ കണ്ടതും 'സുധീ, മോനേ' എന്നുവിളിച്ചു വന്ന രാധേച്ചിക്ക് പിന്നൊന്നും പറയാൻ കിട്ടുന്നില്ല. പെട്ടെന്ന് കുഞ്ഞിമാളു മുറ്റത്തേക്കോടിവന്നു, "താടീ ദേ നോക്ക്യേ, എന്റച്ഛൻ വന്നൂ" എന്നു പറഞ്ഞ് എനിക്കു ചുറ്റും ഓടാൻ തുടങ്ങി. അതെ, ഈ ശിശിരം ഇപ്പോൾ ഇവർക്കും നല്ലകാലമായിരിക്കുന്നു. സന്തോഷത്തോടെ നടക്കുമ്പോൾ കണ്ടു പോക്കുവെയിൽ തട്ടിത്തിളങ്ങുന്ന ചിരിക്കുന്ന പൊഴിഞ്ഞ ഇലകൾ.

✵

# Obituary



**Er. M.D. Appan**
*Rtd. Deputy Chief Engineer*

**"KSEB Engineers' Association expresses OUR Deepest Condolences. May his soul rest in Peace"**

## Letter by Association


# KSEB ENGINEERS' ASSOCIATION

TC 26/1300, Engineers House, Panavila, Thiruvananthapuram-695001
Tele.No. 0471-2330696, FAX No. 0471-2330853 , Website : ksebea.in
E-mail: ksebea@gmail.com

| *President* | *General Secretary* | *Treasurer* |
|---|---|---|
| **Er. N.T. Job** | **Er. Sunil K.** | **Er. Santhosh E.** |
| *Vice- Presidents* | *Organising Secretaries* | *Secretaries* |
| **Er. G. Shaj Kumar (S)** | **Er. B. Nishanth (S)** | **Er. M. Muhammed Rafi (HQ)** |
| **Er. P. Jayakrishnan (N)** | **Er. Shine Sebastian (N)** | **Er. Anilkumar G. (S)** |
| | | **Er. Nagaraj Bhat K (N)** |


KSEBEA/Letters/2020-21/ 10-08-2020

To

**The Chief Engineer (HRM)**
**KSEBL, Vydyuthi Bhavanam.**

Sir,

Sub : General Transfer 2020 – Asst.Exe.Engineer (Ele) &Assistant Engineer(Ele) -anomalies and concerns – request for rectification of anomalies -reg.

Ref :
1. Our Letters dated 06-08-2020
2. Order No. EB1/AEE(Ele)/GT/2020 Dated, TVPM., 06-08-2020
3. Order No. Eb1(a)/AE(Ele)/General Transfer 2020 Dated, TVPM., 07-08-2020
4. Order No. Eb1(a)/AE(Ele)/General Transfer 2020/Grievance Dated, TVPM., 07-08-2020

The grievances submitted vide reference(1) above has not been addressed in the final orders cited (2), (3)&(4) above, issued in respect of Asst.Exe.Engineer (Ele) &Assistant Engineer(Ele).It is noticed that the anomalies were crept in due to violation in the prevailing guide lines and lack of proper SRS while implementing ONLINE software. The major discrepancies noticed are as follows:

1. Incumbents having higher index has been transferred out while those having lower index were retained.
2. Place of posting in the trial order has been changed to another place in the final order.
3. Incumbents not applied are seen transferred and moved to some specific places to block some of the requests.
4. Incumbents are seen displaced without their request ,before completing 1 year in a station
5. Posting of incumbents in the so called Flagged posts are random without following any norms.
6. No guidelines /norms are followed in the promotion postings.

Lists of aggrieved Asst.Exe.Engineer (Ele) &Assistant Engineer(Ele) and the respective anomalies noticed are tabulated and attached herewith as **Annexures I&II**, for your kind consideration and favourable action. **Also requested that the vacancies presently available after the recent AE-AEE promotion, may please be considered for addressing the above grievances.**

Yours faithfully,

**Sd/-**

**GENERAL SECRETARY**

## Letters to the Editor




✍ മലയാളത്തിലുള്ള ലേഖനങ്ങൾ എഴുതി തയ്യാറാക്കിയോ, PDF ഫോർമാറ്റിലോ അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

**കത്തുകൾ അയക്കേണ്ട വിലാസം**

The Chief Editor

**Hydel Bullet**
KSEB Engineers' Association, Panavila
Thiruvananthapuram - 01
Phone : 0471 - 2330696

hydelbulletin@gmail.com 7012117197

# Stories that Inspire...

*Amey Hegde*

## Jadav Payeng: The 'Forest Man of India'



Jadav Payeng, the 'Forest Man of India' has achieved the unbelievable. The Padma Shri awardee single-handedly planted nearly 1,400 acres of forest in Assam.

Payeng's quest began in 1979 when he was only 16 years old. During floods that year, a large number of snakes were swept ashore on a sandbar. After the waters had receded, Payeng found the dead snakes on the shore. The snakes had died in the heat, as there were no trees to give them shade. Since then, he decided to plant trees on the sandbar and has not stopped even after planting several thousand trees. He planted, watered and looked after the plants to transform the area into a forest.

Assam government's forest department learnt about Payeng's unimaginable feat only in 2008 after a herd of some 100 wild elephants strayed into the forest. The area is now home to Bengal tigers, Indian rhinoceros, over 100 deer and rabbits, besides apes and several varieties of birds.

Payeng's story is truly inspirational, and inspires people to take up a cause even if one is alone.

## Dashrath Manjhi: The Mountain Man

Dashrath Manjhi, famously known as the mountain man, singlehandedly carved a path through a mountain in the Gehlour hills, Bihar. He did it so that his village could have easier access to medical facilities. People laughed and made fun of him but he just continued with his work. He gave 22 years of his life and made a big difference in the lives of the people of his village.






Here are some facts about the mountain man: -

- The villagers had to travel 70 kilometres to reach to the nearest town to get medical attention
- In the year 1959, Manjhi's wife Falguni Devi died from lack of medical care
- In the memory of his wife, he carved the path in the Gehlour hills so that his village could have easier access to medical attention
- He worked day and night for 22 years from 1960 to 1982
- He shortened the distance from 70 kilometres to just one kilometre
- In 2015, filmmaker Ketan Mehta made a film on his life, 'Manjhi' The Mountain Man' starring Nawazuddin Siddiqui in the lead role.

## Webinar - 21 (Highlights)

# "Environmental implications on sustainable development to construct dams for achieving national energy requirements"

Resource Person : **Smt. Medha Patkar**, Indian Social Activist

Sunday, August 30th, 2020 @ 19:30 hrs

## ഊർജ്ജോൽപാദനം വികേന്ദ്രീകൃതമാകണം



ശ്രീമതി മേധാപട്കർ

**തിരുവനന്തപുരം** : ഏത് ഡാം പണിയുന്നതും ആയിരം വർഷത്തിലൊരിക്കലുള്ള പ്രളയത്തെക്കുറിച്ച് പഠിച്ചുകൊണ്ടാവണം. അത്തരത്തിലുള്ള പഠനങ്ങൾ ഇല്ലാതെയുള്ള ഡാം നിർമ്മാണമാണ് പ്രളയ നിയന്ത്രണം അസാധ്യമാക്കുന്നതെന്നും പ്രശസ്ത പരിസ്ഥിതി പ്രവർത്തകയായ ശ്രീമതി മേധാപട്കർ, കെ.എസ്.ഇ.ബി. എഞ്ചിനീയേഴ്സ് അസോസിയേഷൻ സംഘടിപ്പിച്ച **"പരിസ്ഥിതി സന്തുലിതമായ ഡാം നിർമ്മാണം ഊർജ ഉല്പാദനത്തിന് "** എന്ന വിഷയത്തെക്കുറിച്ചുള്ള വെബിനാറിൽ പറയുകയുണ്ടായി.

ചെറിയ പദ്ധതികളിലൂടെ ഊർജ്ജാവശ്യം നിറവേറ്റണം. വനാന്തരഭാഗത്തെ പുൽക്കൊടി മുതൽ പുഴയിലെ സൂക്ഷ്മജീവികൾ വരെ പുഴയുടെ അവകാശികളാണ്. ആദിവാസി സമൂഹം മുതൽ പുഴകളിലെ മീൻപിടുത്തക്കാരുടെ ജീവിത മാർഗങ്ങൾക്ക് വരെ തടസ്സം സൃഷ്ടിക്കുവാൻ ആർക്കും അവകാശമില്ല. ആതിരപ്പള്ളി പദ്ധതിക്കെതിരെ നിലപാടെടുക്കുന്ന ഭരണ കക്ഷിയിൽപ്പെട്ട ചിലരുടെ നിലപാടുകൾ സ്വാഗതാർഹമാണ്. അവർക്ക് പോലും ഉൾക്കൊള്ളാനാവാത്ത പദ്ധതി അടിച്ചേൽപ്പിക്കാൻ അനുവദിക്കരുത്. ഊർജ്ജോല്പാദനം വികേന്ദ്രീകൃതമാകണം. കേന്ദ്രീകൃത പദ്ധതികൾ ഉപേക്ഷിക്കുന്ന നയരൂപീകരണം ആവശ്യമാണ്. സോളാർ, കാറ്റാടികൾ, ബയോഗ്യാസ് തുടങ്ങിയവയിൽ നിന്നുള്ള വൈദ്യുതി ഉത്പാദനം പ്രോത്സാഹിപ്പിക്കണം. പ്രസരണ നഷ്ടവും വിതരണ നഷ്ടവും കുറച്ചുകൊണ്ട് വൈദ്യുതിയുടെ ദുരുപയോഗം കുറയ്ക്കണം. നർമ്മദയിലെ വൻകിട പദ്ധതികളിൽ നിന്നും കുടിയിറക്കപ്പെട്ട ലക്ഷങ്ങൾ, ജീവിത മാർഗങ്ങൾ നഷ്ടപ്പെട്ട് ഇപ്പോഴും അലയുകയാണ്. പ്രളയ സമാനമായ മഴകൾ നിയന്ത്രിക്കുവാൻ ഡാമുകൾ കൊണ്ട് കഴിയില്ല എന്ന് നമ്മൾക്ക് ഇപ്പോൾ ബോധ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. മണ്ണിന്റേയും മലനിരകളുടേയും ദുരുപയോഗമാണ് ഉരുൾപൊട്ടലുകൾ സൃഷ്ടിക്കുന്നത്. കവളപ്പാറയിലും പെട്ടിമുടിയിലും ദുരന്തങ്ങൾ ആവർത്തിക്കുന്നത് അതിന്റെ തുടരനുഭവങ്ങളാണ്. പ്രകൃതിക്കുണ്ടാകുന്ന നാശം കണക്കാക്കിയാൽ ഒരു യൂണിറ്റ് വൈദ്യുതിക്ക് 85 രൂപ ചെലവ് വരും.

തുടർന്ന് സംസാരിച്ച Er. സി.പി. ജോർജ്ജ്, ജലവൈദ്യുത പദ്ധതികളാണ് പ്രകൃതിയോടിണങ്ങുന്ന ഉത്പാദന മാർഗമെന്നും കേരളത്തിലെ വൈദ്യുതി ആവശ്യത്തിനനുസരിച്ച് നിയന്ത്രിക്കാൻ കഴിയുന്നത് ജലവൈദ്യുത പദ്ധതികളിലൂടെയാണെന്നും, മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളത്തിലെ വൈദ്യുതി ആവശ്യം ഏറ്റവും കൂടുതൽ നേരിടുന്നത് വൈകുന്നേരങ്ങളിലാണെന്നും ഇത് നേരിടുന്നതിന് സോളാർ, കാറ്റാടി തുടങ്ങിയ പദ്ധതികൾ കൊണ്ടുമാത്രം പിടിച്ചുനിൽക്കാനാവില്ല എന്നും കേരളത്തിലെ വ്യാവസായിക വളർച്ച വളരെ കുറവായതുകൊണ്ട് പകൽനേരങ്ങളിലെ വൈദ്യുതി ആവശ്യം, വൈകുന്നേരങ്ങളിലെ ആവശ്യത്തെക്കാൾ വളരെ കുറവാണ് എന്നും അഭിപ്രായപ്പെട്ടു.

തുടർന്ന് സംസ്ഥാന ഡാം ഉപദേശക സമിതി അംഗമായ ശ്രീ. ജെയിംസ് വിൽസെൻ പ്രളയത്തിന് ഡാം മാനേജ്മെന്റ് പാളിച്ച കാരണമായി എന്നത് അംഗീകരിക്കാനാവില്ലെന്നും കേരളത്തിന്റെ ആകെയുള്ള വൃഷ്ടി പ്രദേശങ്ങളിൽ നിന്ന് അഞ്ചിലൊന്ന് പോലും ഡാമുകളിലേക്ക് എത്തുന്നില്ലെന്നും, എന്നാൽ തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ് പോലുള്ള സംസ്ഥാനങ്ങളിൽ വൃഷ്ടി പ്രദേശങ്ങളിലെ മഴയിലൂടെയുള്ള നീരൊഴുക്ക് ഡാമുകളിലേക്ക് എത്തുന്നു എന്നും അഭിപ്രായപ്പെട്ടു. കേരളത്തിലെ ഡാമുകളിൽ നിന്നുമുള്ള വെള്ളം 48 മണിക്കൂർകൊണ്ട് കടലിൽ എത്തും. എന്നാൽ മറ്റു സംസ്ഥാനങ്ങളിൽ ഇത് മൂന്നു ദിവസം മുതൽ ആറ് ദിവസം വരെ എടുത്താണ് കടലിൽ എത്തുന്നതെന്നും അഭിപ്രായപ്പെട്ടു. ചാലക്കുടി പുഴ സംരക്ഷണ സമിതി സെക്രട്ടറിയായ ശ്രീ. എസ്.പി. രവി ചാലക്കുടി പുഴയുടെ സംരക്ഷണം അനിവാര്യമാണെന്നും ഇനി ഒരു പദ്ധതി ചാലക്കുടി പുഴയ്ക്ക് താങ്ങാൻ ആവില്ല എന്നും ആതിരപ്പള്ളി പദ്ധതി ഒരിക്കലും നടപ്പിലാക്കാൻ ആവില്ല എന്നും അഭിപ്രായപ്പെട്ടു.

കെ.എസ്.ഇ.ബി. മുൻ ഡെപ്യൂട്ടി ചീഫ് എൻജിനീയർ ഡോ. മുഹമ്മദ് ഷെരീഫ് മോഡറേറ്ററായിരുന്നു.

**KSEB ENGINEERS' ASSOCIATION**
**Hydel Bullet Monthly**
**RNI Reg.No.KERENG/2013/48628**
**Reg. No. KL/TV(N)/645/2019-2021**

**Price ₹ 10**
**Licensed to Post without pre payment.**
**No. KL/TV(N)WPP/203/ 2019 - 21 at Tvpm. RMS**
**Date of Publication 26-09-2020**

# Tributes to Bharat Ratna
# Sir M.Visvesvaraya on his birth anniversary
# Happy Engineer's Day




**Edited, Printed & Published by Muraly P, Chief Editor, Hydel Bullet for and on behalf of KSEB Engineers' Association, Panavila, Trivandrum-01, Ph:0471-2330696, Email: hydelbulletin@gmail.com, Web: ksebea.in at Bhagath Printers, Pattom, Trivandrum - 4 , Mob : 8138 91 81 91, bhagathprinters@gmail.com**

**For private circulation only**